## പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*97 30.01.2018 ൽ മറുപടിക്ക്**

### റോഡുകളുടെ അറ്റകുറ്റപ്പണി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. ദിവാകരൻ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.മുഹമ്മദ് മുഹസിൻ പി | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) മഴയത്തും മഴയുടെ ഇടവേളകളിലും റോഡിന്റെ അറ്റകുറ്റപ്പണി നടത്തുന്നത് ഫലപ്രാപ്തിയിൽ എത്തുന്നില്ലെന്നുള്ളത് വിലയിരുത്തിയിട്ടുണ്ടോ; | എ) പൊതുമരാമത്ത് നിരത്തുവിഭാഗത്തിൻ കീഴിൽ റോഡുകളുടെ കേടുപാടുകൾ അവ ശ്രദ്ധയിൽപ്പെടുമ്പോൾ തന്നെ സമയബന്ധിതമായി ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് തീർപ്പാക്കി വരുന്നുണ്ട്. എന്നാൽ ചില കാലയളവിലെ തുടർച്ചയായുള്ള മഴ കാരണം റോഡിന്റെ അറ്റകുറ്റപണികൾ പൂർണ്ണമായും ഫലപ്രാപ്തിയിൽ എത്തുന്നില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) മഴയത്ത് പണി നടത്തുന്നത് കാരണം മഴ കഴിയുമ്പോൾ റോഡ് വീണ്ടും മോശമാവുന്ന സ്ഥിതിയുണ്ടാകുന്നത് പരിഗണിച്ച് അറ്റകുറ്റപ്പണി സംബന്ധിച്ച് നിലവിലുള്ള രീതിയിൽ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) ഇത്തവണ 7 മാസം മഴയായിരുന്നു. മഴക്കാലത്ത് റോഡുകളുടെ അറ്റകുറ്റപണി ഒഴിവാക്കുന്നതിനായി മഴക്കാല പൂർവ്വ പ്രവർത്തികളും , മഴക്കാലശേഷ പ്രവർത്തികളും നടപ്പാക്കി വരുന്നുണ്ട്. തുടർച്ചയായ മഴയുള്ള കാലയളവിൽ ടാറിംഗ് പണികൾ ഒഴിവാക്കാറുണ്ട്. |
| സി) മഴക്കാലം നോക്കി റോഡ് പണിക്ക് കോൺട്രാക്ട് നൽകുന്ന പതിവുരീതി അവസാനിപ്പിക്കുന്നതിന് നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ എന്നറിയിക്കാമോ? | സി) പരിഗണനയിൽ ഉണ്ട്. |

സെക്ഷൻ ഓഫീസർ